**STATE INSTITUTE OF TECHNICAL TEACHERS TRAINING & RESEARCH**
Department of Technical Education, Govt. of Kerala
HMT Junction, Kalamassery, Kochi – 683 104
*E-mail: sitttr@gmail.com,*
*Phone & Fax: 0484 2542355* Web: www.sitttrkerala.ac.in

150 YEARS OF CELEBRATING THE MAHATMA

---

No.P3/428/2022 22.11.2022

# പ്രസിദ്ധീകരണത്തിന്

## പോളിടെക്നിക് ഡിപ്ലോമ - ഒഴിവുകൾ നികത്തുന്നതിനുള്ള സ്പോട് അഡ്മിഷൻ 23/11/2022 മുതൽ 29/11/2022 വരെ

സംസ്ഥാനത്തെ വിവിധ സർക്കാർ/എയിഡഡ്/CAPE/സ്വാശ്രയ പോളിടെക്നിക് കോളേജുകളിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനായി സ്ഥാപനാടിസ്ഥാനത്തിലുള്ള സ്പോട്ട് അഡ്മിഷൻ നവംബർ 23 മുതൽ 29 വരെയുള്ള തീയതികളിൽ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. നിലവിൽ അഡ്മിഷൻ ലഭിച്ചവരിൽ സ്ഥാപന മാറ്റമോ ബ്രാഞ്ച് മാറ്റമോ ആഗ്രഹിക്കുന്നവർക്കും, പുതിയതായി അഡ്മിഷൻ നേടാൻ ആഗ്രഹിക്കുന്നവർക്കും പങ്കെടുക്കാവുന്നതാണ്. നിലവിലെ റാങ്ക് ലിസ്റ്റിൽ വേണ്ടത്ര അപേക്ഷകർ ഇല്ലാത്ത സ്ഥാപനങ്ങളിൽ ഇതുവരെ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തവർക്ക് പുതുതായി അപേക്ഷ സമർപ്പിച്ച് പ്രവേശനം നേടാൻ അവസരം ഉണ്ടായിരിക്കുന്നതാണ്. പുതുതായി അപേക്ഷ സമർപ്പിക്കാൻ ആഗ്രഹിക്കുന്ന അപേക്ഷകർ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പുതിയ അപേക്ഷകൾ സ്വീകരിക്കുന്നുണ്ടോ എന്ന് ഉറപ്പ വരുത്തിയതിനു ശേഷം മാത്രം സ്പോട്ട് അഡ്മിഷനിൽ ഹാജരാകാൻ ശ്രദ്ധിക്കേണ്ടതാണ്.

നിലവിൽ ലഭ്യമായ ഒഴിവുകൾ പോളിടെക്നിക് കോളേജ് അടിസ്ഥാനത്തിൽ www.polyadmission.org എന്ന വെബ്സൈറ്റിലെ Vacancy Position എന്ന ലിങ്ക് വഴി മനസ്സിലാക്കാവുന്നതാണ്. ഒഴിവുകൾ പരിശോധിച്ചതിനു ശേഷം ഓരോ സ്ഥാപനത്തിലേയും റാങ്ക് അടിസ്ഥാനത്തിൽ സ്പോട്ട് അഡ്മിഷൻ നടത്തുന്ന സമയക്രമം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്നത് പരിശോധിക്കേണ്ടതും അതിൽ പറഞ്ഞിട്ടുള്ള സമയക്രമം കൃത്യമായി പാലിച്ച് അപേക്ഷകർ ബന്ധപ്പെട്ട കോളേജുകളിൽ ഹാജരാകേണ്ടതുമാണ്.

അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾ എല്ലാ അസ്സൽ രേഖകളും സമർപ്പിച്ച് മുഴുവൻ ഫീസടച്ച് അഡ്മിഷൻ നേടാവുന്നതാണ്. പോളിടെക്നിക് കോളേജിൽ അഡ്മിഷൻ ലഭിച്ചിട്ടുള്ള അപേക്ഷകനാണെങ്കിൽ അഡ്മിഷൻ സ്ലിപ്പോ, ഫീസ് അടച്ച രസീതോ ഹാജരാക്കിയാൽ മതിയാകും. ഒന്നിൽ കൂടുതൽ സ്ഥാപങ്ങളിൽ ഹാരാജാകുന്നവർ നിർബന്ധമായും പ്രോക്സി ഫോം ഹാജരാക്കേണ്ടതാണ്.

Toneyy
ജോയിന്റ് ഡയറക്ടർ
JOINT DIRECTOR
STATE INSTITUTE OF TECHNICAL TEACHERS TRAINING & RESEARCH
HMT JUNCTION, KALAMASSERY
PIN - 683 104

STATE INSTITUTE OF TECHNICAL TEACHERS TRAINING & RESEARCH, KALAMASSERY ★ DEPT. OF TECHNICAL EDUCATION ★ GOVERNMENT OF KERALA